## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2461 07.02.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**അനർട്ടിന്റെ ആർ.ഇ.ടി അടുപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന ഊർജ്ജ വകുപ്പിനു കീഴിൽ ഇന്ധനക്ഷമത കൂടുതലുള്ള മെച്ചപ്പെട്ട വിറകടുപ്പ് നിർമ്മിക്കുന്നതിന് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ സബ്സിഡി നിർത്തിയതിനുള്ള കാരണം അറിയിക്കാമോ; | (എ) | ഇന്ധനക്ഷമത കൂടുതലുള്ള മെച്ചപ്പെട്ട വിറകടുപ്പ് നിർമ്മിക്കുന്നതിന് അനർട്ട് വഴി സബ്സിഡി നൽകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന മെച്ചപ്പെട്ട വിറകടുപ്പുകളും മറ്റ് അക്ഷയ ഊർജ ഉപകരണങ്ങൾക്കും ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മെച്ചപ്പെട്ട വിറകടുപ്പ് നിർമ്മിക്കാത്ത ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് അടുപ്പ് വെയ്ക്കാതെ തന്നെ അടുപ്പിന്റെ ഫണ്ട് കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രവണത അവസാനിപ്പിക്കുമോ; | (ബി) | ഭവന പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ഭവനാനുകൂല്യം നൽകുന്നതിൽ മെച്ചപ്പെട്ട വിറകടുപ്പ് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ പരിഗണനയിലില്ല. എന്നാൽ 13 - ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം മെച്ചപ്പെട്ട വിറകടുപ്പ് സ്ഥാപിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ഏറ്റെടുക്കുന്ന പക്ഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 100 ശതമാനം സബ്സിഡിയും ബി.പി.എൽ വിഭാഗങ്ങൾക്കും, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും 90 ശതമാനം സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ, സമ്പൂർണ്ണ ഭവന പദ്ധതിയിൽ (നിലവിൽ ലൈഫ് ഭവന പദ്ധതി) ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട അടുപ്പ് സ്ഥാപിക്കുന്നതിന് 90 ശതമാനം സബ്സിഡി അനുവദിക്കുന്നുമുണ്ട്. |
| (സി) | ഭവന പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് അനർട്ട് നിഷ്കർഷിക്കുന്ന, അനർട്ടിന്റെ ആർ.ഇ.ടി.മാർ (റിന്യൂവബിൾ എനർജി ടെക്നീഷ്യൻസ്) നിർമ്മിക്കുന്ന അടുപ്പ് നിർബന്ധമാക്കുമോ; | (സി) യും (ഡി) യും | ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) | ബയോഗ്യാസ് പ്ലാന്റ് എല്ലാ വീടുകളിലും നിർബന്ധമാക്കുമോ; വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**